ഉത്തരം

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളിൽ 6 ശതമാനത്തിൽ കൂടുതൽ നികുതി നിരക്ക് ഉള്ളവയ്ക്ക് 6 ശതമാനമായി നികുതി നിജപ്പെടുത്തിയിട്ടുണ്ട്. നിരക്ക് 6 ശതമാനത്തിൽ താഴെ ആണെങ്കിൽ താഴ്ന്ന നിരക്കിൽ ഉള്ള നികുതി നൽകിയാൽ മതി.

(ബി) വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല നികുതി നിർണ്ണയിക്കുന്നത്. കേരള പൊതുവില്പന നികുതി നിയമം അനുശാസിക്കുന്ന നിരക്കിൽ വിറ്റുവരവിന്മേലാണ് നികുതി ഈടാക്കി വരുന്നത്.

(സി)&(ഡി)ഉദിക്കുന്നില്ല.

5 (1725) ചെറുകിട വ്യവസായങ്ങൾക്ക് സഹായം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങളെ സഹായിക്കുവാനായി ഒരു കൺസോർഷ്യം സ്കീം ആരംഭിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ജനകീയാസൂത്രണത്തിൽ ചെറുകിട വ്യവസായങ്ങൾക്ക് മുഖ്യപങ്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) സ്വീകരിച്ചു നടപ്പിലാക്കിവരുന്നു. ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് ജനകീയാസൂത്രണത്തിൻകീഴിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വ്യവസായ വികസന പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ഉതകുന്ന മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിന് ഒരു വിദഗ്ധസമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്നതിനായി റീജിനൽതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. മാതൃകാ പ്രോജക്ട് റിപ്പോർട്ടുകൾ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.

6 (1726) കളിമൺ വ്യവസായശാലകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ നെൻമണിക്കര പഞ്ചായത്തിൽ ചിറ്റിശ്ശേരി, മണലി, മടവാക്കര, എറവക്കാട് എന്നീ ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന നൂറോളം കളിമൺ വ്യവസായശാലകൾ പ്രതിസന്ധി നേരിടുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചെറുകിട വ്യവസായ യൂണിറ്റുകളായ ഇവയ്ക്ക് കെ.എഫ്. സി.ഇ.യിൽ നിന്നും എന്ത് തുക വായ്പ നൽകിയിട്ടുണ്ട്;

(സി) ഈ വ്യവസായ യൂണിറ്റുകൾക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡി എത്രയും വേഗം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ വ്യവസായശാലകൾക്കുവേണ്ടി അസംസ്കൃത വസ്തു വായ കളിമണ്ണ് ഖനനം ചെയ്യുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) ചൂളയും യന്ത്രസാമഗ്രികളും നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്)ഈ വ്യവസായത്തെ വില്പന നികുതിയിൽനിന്ന് ഇളവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ജി) ഇൻവെസ്റ്റ്മെന്റ് സബ്സിഡി അനുവദിച്ച തീയതി മുതൽ കെ.എഫ്.സി. യോട് ഈ സംഖ്യ കുറവു ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) ഇതിനുള്ള പലിശയ്ക്ക് 5 കൊല്ലത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ഓടുവ്യവസായം നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുടെ യോഗം ചേരുകയും ഓരോ വ്യവസായ മേഖലയിലും കളിമണ്ണ് ലഭ്യമാക്കുന്നതിന്, ബന്ധപ്പെട്ട ആർ.ഡി.ഒ., തഹസീൽദാർ, പഞ്ചായത്തു പ്രസിഡന്റ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥൻ, ഓടു വ്യവസായികളുടെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ഉണ്ടായി. പ്രസ്തുത കമ്മിറ്റി, കൃഷിക്കും പരിസ്ഥിതിക്കും ദോഷം വരാത്ത രീതിയിൽ കളിമണ്ണ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, 1999-2000 ഫീൽഡ് സീസണിൽ, സ്റ്റേറ്റ് ജിയോളജിക്കൽ പ്രോഗ്രാമിംഗ് ബോർഡിന്റെ അനുവാദത്തോടെ കളിമൺ നിക്ഷേപ സാധ്യതകളെക്കുറിച്ച് പഠിക്കുവാൻ ഒരു പര്യവേഷണ പരിപാടി ആരംഭിച്ചിട്ടുണ്ട്. ആദ്യമായി തൃശ്ശൂർ ജില്ലയിലെ കളിമൺ ലഭ്യമാക്കുവാൻ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കാനും നിക്ഷേപത്തോത് തിട്ടപ്പെടുത്തുവാനുമുള്ള പ്രാരംഭ സർവ്വേ തുടങ്ങിയിട്ടുണ്ട്.

(ബി) ഇവയിൽ 34 ചെറുകിട വ്യവസായ യൂണിറ്റുകൾക്ക്, കെ.എഫ്.സി.യിൽ നിന്നും 246 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്.

(സി) അർഹതയുള്ള യൂണിറ്റുകൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സബ്സിഡി വിതരണം ചെയ്തുവരുന്നുണ്ട്.

(ഡി) 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾക്കു വിധേയമായി കൃഷിക്കും പരിസ്ഥിതിക്കും ദോഷം വരാത്തവിധം കളിമണ്ണ് ഖനനം ചെയ്യുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഓടു വ്യവസായം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയ കമ്മിറ്റിയുടെ ഇതു സംബന്ധിച്ച നിർദ്ദേശം പരിശോധിച്ചുവരുന്നു.

(എഫ്)തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇൻവെസ്റ്റ്മെന്റ് സബ്സിഡി കിട്ടുന്ന മുറയ്ക്ക് കെ.എഫ്.സി. ഈ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(എച്ച്) നിർവ്വാഹമില്ല.

7 (1727) പൊതുമേഖലാ സ്ഥാപനങ്ങളിലെ ആഡിറ്റ്

പ്രൊ. എ.വി. താമരാക്ഷൻ :

ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച് 1997-98 വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ട് സർക്കാറിന് ലഭിക്കുകയുണ്ടായോ;

(ബി) എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലാണ് 1997-98-ൽ ആഡിറ്റ് നടന്നതെന്നും അവയുടെ പേരും വെളിപ്പെടുത്തുമോ;

(സി) സ്ഥിരമായി ആഡിറ്റ് നടക്കാത്ത എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ;

(ഡി) ഇവയുടെ ആഡിറ്റ് യഥാസമയം നടത്തുന്നതിന് എന്തു സംവിധാനമാണ് സർക്കാർ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൺട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 31.3.98-ൽ അവസാനിക്കുന്ന വർഷത്തെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഒൻപത് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലാണ് 1997-98-ൽ ആഡിറ്റ് നടന്നിട്ടുള്ളത്. അവയുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.

(2) കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ്.

(3) കെൽട്രോൺ ക്രിസ്റ്റൽസ് ലിമിറ്റഡ്.

(4) ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്.

(5) കേരള സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ്.

(6) ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്

(7) ആട്ടോകാസ്റ്റ് ലിമിറ്റഡ്.

(8) ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

LIBRARY ARCHIVES Kerala Legislative Assembly